# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :804** | **29.09.2016 ൽ മറുപടിക്ക്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അനൂപ് ജേക്കബ്. | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

### സ്കൂൾ കുട്ടികൾക്ക് നൽകുന്ന സൗജന്യ അരി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | ഓണത്തിന് സ്കൂൾ കുട്ടികൾക്കു നൽകുന്ന സൗജന്യ അരി ഇപ്രാവശ്യം വിതരണം ചെയ്തത് എപ്പോഴാണ് ; ഓണത്തിന് മുമ്പാണോ ശേഷമാണോ എന്ന് വ്യക്തമാക്കാമോ ; | എ) | വിദ്യാഭ്യാസ ഉപഡയറക്ടർമാർ ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടുകൾ അനുസരിച്ച് 70% അരി വിതരണം ഓണത്തിനു മുൻപും ബാക്കി ഓണത്തിനും ശേഷവും നടത്തി. |
| ബി) | അധ്യയന വർഷം നേരത്തേ തന്നെ അരി വിതരണത്തിന് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടും വിതരണം അവതാളത്തിലാകാൻ കാരണമെന്താണെന്ന് വ്യക്തമാക്കമോ; | ബി) | ഓണത്തിനുള്ള അരി വിതരണം ചെയ്യുവാൻ എഫ്.സി.ഐ. തയ്യാറാകാതിരുന്ന സാഹചര്യത്തിൽ പൊതുമാർക്കറ്റിൽ നിന്നും അരി ശേഖരിച്ച് വിതരണം നടത്തേണ്ടിവന്ന സാഹചര്യത്തിലാണ് ഓണത്തിനു മുമ്പായി തന്നെ വിതരണം പൂർത്തിയാക്കുവാൻ കഴിയാതിരുന്നത്. എങ്കിൽ പോലും ഇത് അവതാളത്തിലായിട്ടില്ല. |
| സി) | മുന്നൊരുക്കങ്ങൾ പാളിയതു മൂലമാണോ സർക്കാരിന്റെ ആദ്യ ഓണത്തിൽതന്നെ അരി നൽകാനാകാതെ പോയത് ; എങ്കിൽ കൃത്യവിലോപം കാട്ടിയവർക്കെതിരെ നടപടി സ്വീകരിക്കുമോ | സി) | ഓണം സ്പെഷ്യൽ അരി വിതരണവുമായി ബന്ധപ്പെട്ട എല്ലാ നടപടികളും സമയബന്ധിതമായി സ്വീകരിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥ തലത്തിൽ എന്തെങ്കിലും കൃത്യ വിലോപമോ അനാസ്ഥയോ നടത്തിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ